**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T4187** **21.07.2015 ൽ മറുപടിയ്ക്ക്**

**ഇടുക്കി പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി പാക്കേജ് ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ പാക്കേജ് എന്നുവരെ നിലവിലുണ്ടായിരുന്നു ; | (എ) ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. |
| (ബി) ഇടുക്കി പാക്കേജിൽ ആകെ എത്ര രൂപയാണ് വിവിധ പദ്ധതികൾക്കായി അനുവദിച്ചത്; ഇതിൽ എത്ര രൂപ ചെലവഴിച്ചു; എത്ര രൂപ ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു ;<br>(സി) അനുവദിച്ച തുക ചെലവഴിക്കാതെ നഷ്ടപ്പെടാനിടയായ സാഹചര്യം വിശദീകരിക്കാമോ ? | (ബി) & (സി) ഇടുക്കി പാക്കേജിന്റെ വിവിധ പദ്ധതികൾക്കായി അനുവദിച്ചത് 277.11 കോടി രൂപയും ചെലവഴിച്ചത് 237.11 കോടി രൂപയുമാണ്. ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചുവെങ്കിലും അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അനുവദിച്ച തുക നഷ്ടപ്പെടുന്നതിനുള്ള സാധ്യത വിരളമാണ്. പ്രധാന പ്രവർത്തികളായ ഗ്രാമീണറോഡ് ഗതാഗതം, ചെക്ക് ഡാം നിർമ്മാണം, തണ്ണീർത്തട നിർമ്മാണം എന്നിവ പുരോഗമിച്ചു വരുന്നു.കേന്ദ്ര സ്കീമുകളുടെ മാനദണ്ഡങ്ങൾ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്. |
| (ഡി) ഈ പാക്കേജിന്റെ കാലാവധി നീട്ടുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | ഡി) 15/1/2014 ൽ കൂടിയ സംസ്ഥാന കാബിനറ്റ് യോഗം ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചതിന്റെ |

അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി 23/1/2014 ലും,16/10/2014 ലും കേന്ദ്ര സർക്കാരിന് കത്ത് നല്കിയിരുന്നു. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പി-ക്കാത്തത് തടസ്സമാവില്ലായെന്നും കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി .വൈ പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നും ബഹു. കേന്ദ്രകൃഷി മന്ത്രി 13/11/14 ൽ ബഹു. മുഖ്യമന്ത്രിയ്ക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ